## കേരള സർക്കാർ

### സംഗ്രഹം

ഉന്നത വിദ്യാഭ്യാസ വകുപ്പ് - കോളേജ് വിദ്യാഭ്യാസം - ജീവനക്കാര്യം - തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെ പ്രിൻസിപ്പാൾ ഡോ.ജി.വിജയലക്ഷ്മിയുടെ പലിശരഹിത മെഡിക്കൽ അഡ്വാൻസ് - ചെലവഴിക്കാത്ത തുക തവണകളായി തിരിച്ചടയ്ക്കുന്നത് - ഭേദഗതി വരുത്തി ഉത്തരവാകുന്നു.

---

**ഉന്നത വിദ്യാഭ്യാസ (എഫ്) വകുപ്പ്**

**സ.ഉ(സാധാ) നം.2037/2018/ഉ.വി.വ.** **തീയതി,തിരുവനന്തപുരം:09.11.2018**

പരാമർശം : -
1. സ.ഉ(സാധാ)നം. 1779/2017/ഉ.വി.വ തീയതി 30.07.2017.
2. സ.ഉ(സാധാ) നം.874/2018/ഉ.വി.വ തീയതി 02.05.2018.
3. കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 16.05.2018 ലെ ജെ2/23514/2014/കോ.വി.വ നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെ പ്രിൻസിപ്പാളായ ഡോ.ജി.വിജയലക്ഷ്മിയുടെ മകളുടെ അടിയന്തിര ചികിത്സയ്ക്ക് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച 10 ലക്ഷം രൂപയുടെ പലിശരഹിത അഡ്വാൻസിലെ വിനിയോഗിക്കാത്ത തുകയായ 3,08,009/- രൂപ ടിയാളുടെ വിരമിക്കൽ തീയതി കണക്കാക്കി, 17112/- രൂപ വീതം 17 തുല്യ മാസത്തവണകളായും ബാക്കിയുള്ള 17,105/- രൂപ 18-ാം തവണയും അടയ്ക്കുന്നതിന് അനുമതി പരാമർശം (2) – ലെ സർക്കാർ ഉത്തരവ് പ്രകാരം നല്കിയിരുന്നു.പരാമർശം (3) പ്രകാരമുള്ള വിനിയോഗിക്കാത്ത തുകയായ 3,08,009 രൂപയിൽ 8009/- രൂപ ചെലാൻ മുഖേന അടച്ചിട്ടുണ്ടെന്നും 02.05.2018 - ലെ സർക്കാർ ഉത്തരവ് ഭേദഗതി ചെയ്യണമെന്നും പരാമർശം (3) ലെ കത്ത് പ്രകാരം കോളേജ് വിദ്യാഭ്യാസ ഡയറക്ടർ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം സർക്കാർ വനിതാ കോളേജിലെ പ്രിൻസിപ്പാളായ ഡോ.ജി.വിജയലക്ഷ്മിയുടെ മകളുടെ ചികിത്സയ്ക്ക് പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച 10,00,000/- രൂപയുടെ പലിശ രഹിത ചികിത്സാവായ്പ്പത്തുകയിൽ, വിനിയോഗിക്കാത്ത തുകയായ 3,08,009/- രൂപ ടിയാളുടെ വിരമിക്കൽ തീയതി കണക്കാക്കി 17,112/- രൂപ വീതം 17 തുല്യ മാസത്തവണകളായും ബാക്കിയുള്ള 9,096/- രൂപ 18-ാം തവണയും അടയ്ക്കുന്നതിന് അനുമതി നല്കി പരാമർശം (2) ലെ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**എൽ.കുശലകുമാരി**

ഗവ: അണ്ടർ സെക്രട്ടറി

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട വ്യക്തിയ്ക്ക് (കോളേജ് വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം
നോഡൽ ഓഫീസർ (www.highereducation.kerala.gov.in)
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഡയറക്ടർ, ഐ&പി.ആർ.ഡി
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ